**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3516** **02-03-2023 - ൽ മറുപടിയ്ക്ക്**

**കൃഷി മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന കൃഷി മിഷന്റെ പ്രധാന ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ ; | (എ) | സംസ്ഥാന സർക്കാർ 'കൃഷി മിഷൻ' എന്നൊരു പദ്ധതി നടപ്പാക്കിയിട്ടില്ല. എന്നാൽ മൂല്യവർധിത കാർഷിക മിഷൻ (Value Added Agriculture Mission -VAAM) രൂപീകരിച്ചിട്ടുണ്ട്. അതിന്റെ പ്രധാന ഉദ്ദേശലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.<br><br>കാർഷിക ഉല്പന്നങ്ങളെ മൂല്യവർദ്ധിത ഉല്പന്നമാക്കി മാറ്റുന്നതിനും കൃഷിക്കാരുടെ വരുമാനം ഇരട്ടിയാക്കുക, കാർഷികോത്പാദനക്ഷമത വർദ്ധിപ്പിക്കുക, ഉത്പന്ന സംഭരണം, ഉത്പന്നങ്ങളുടെ വില, മൂല്യവർധിത പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം, മറ്റ് അനുബന്ധ വരുമാനങ്ങൾ എന്നിവയിൽ വർധനവ് വരുത്തുന്നതിനുമായിട്ടാണ് മൂല്യവർധിത കാർഷിക മിഷൻ (Value Added Agriculture Mission – VAAM) രൂപീകരിച്ചിട്ടുള്ളത്.<br><br>പ്രാഥമിക കാർഷിക ഉത്പന്നങ്ങളുടെ ഉത്പാദന/ നിർമാണ പ്രക്രിയകൾ, വിപണനം/സേവനങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ഉത്പന്നങ്ങളുടെ മൂല്യം വർധിപ്പിക്കുക എന്ന ആശയത്തിനാണ് മൂല്യവർധിത കാർഷിക മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള പ്രധാന നേട്ടങ്ങൾ, നിലവിലുള്ള അവസരങ്ങൾ, വിടവുകൾ, നയം, സ്ഥാപനപരം, വിപണി, സാങ്കേതികവശങ്ങൾ എന്നിവ പരിഗണിച്ച് പ്രധാനമായും ഇടപെടേണ്ട മേഖലകൾ കണ്ടെത്തുകയും അതുവഴി, മൂല്യവർധിത കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുന്നതിനും കേന്ദ്രീകൃത സമീപനം രൂപീകരിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ/ ശുപാർശകൾ എന്നിവയടങ്ങിയ ഒരു വർക്കിംഗ് പേപ്പറും VAAM പദ്ധതിയുടെ നടത്തിപ്പിലേക്കായി അംഗീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പ്രസ്തുത ശുപാർശകളുടെ അടിസ്ഥാനത്തിൽ കാർഷിക വ്യവസായവും, സാങ്കേതികവിദ്യയും അറിവ് പങ്കിടലും ശേഷി വർധിപ്പിക്കൽ, വിപണനം, ധനകാര്യം പോലുള്ള വിഷയങ്ങളിൽ സബ് ആക്ഷൻ പ്ലാനുകൾ സമർപ്പിക്കുന്നതിനായി സബ് വർക്കിംഗ് ഗ്രൂപ്പുകൾ/റിസോഴ്സ് സബ് ഗ്രൂപ്പുകളും രൂപീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.<br><br>ഉത്പന്നങ്ങൾക്ക് ഉറപ്പായ വിപണി സൃഷ്ടിക്കുന്നതിനും ബ്രാൻഡ് വികസിപ്പിക്കുന്നതിനും മൂല്യവർധിത ഉത്പന്നങ്ങൾക്ക് പ്രസക്തമായ സർട്ടിഫിക്കേഷനുകൾ നേടുന്നതിനുമായി അനുബന്ധ മേഖലകളിലെ വിദഗ്ധരുമായി സെമിനാറുകൾ, പ്രദർശനങ്ങൾ, ബ്രെയിൻസ്റ്റോമിംഗ് വർക്ക്ഷോപ്പുകൾ എന്നിവ നടത്തി കൃഷിയെയും കൃഷിക്കാരെയും പിന്തുണയ്ക്കുന്നതിന് ഈ മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കും. കൂടാതെ ആഭ്യന്തര, അന്തർദ്ദേശീയ വ്യാപാരവും കയറ്റുമതിയും സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനും ഈ മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കും. |
| (ബി) | കൃഷി മിഷനുവേണ്ടി ഗവേണിങ് ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ ഘടന സംബന്ധിച്ച വിവരം അറിയിക്കാമോ? | (ബി) | മൂല്യവർധിത കാർഷിക മിഷൻ (Value Added Agriculture Mission -VAAM) ഗവേണിങ് ബോർഡിയുടെ ഘടന ചുവടെ ചേർക്കുന്നു.<br><br>1. ബഹു. മുഖ്യമന്ത്രി – ചെയർപേഴ്സൺ<br>2. ബഹു. കൃഷി വകുപ്പ് മന്ത്രി, ബഹു. വ്യവസായ വകുപ്പ് മന്ത്രി – വൈസ് ചെയർപേഴ്സൺ<br>3. പ്രിൻസിപ്പൽ സെക്രട്ടറി & കാർഷികോത്പാദന കമ്മീഷണർ - കൺവീനർ & മിഷൻ സെക്രട്ടറി<br>4. പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ് – കോ-കൺവീനർ<br>5. <u>**അംഗങ്ങൾ**</u><br><br>• ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി<br>• ബഹു. സഹകരണ, രജിസ്ട്രേഷൻ വകുപ്പ് മന്ത്രി<br>• ബഹു. ധനകാര്യ വകുപ്പ് മന്ത്രി<br>• ബഹു. ജലവിഭവ വകുപ്പ് മന്ത്രി<br>• ബഹു. മൃഗ സംരക്ഷണ-ക്ഷീര വികസന വകുപ്പ് മന്ത്രി<br>• ബഹു. മത്സ്യബന്ധന വകുപ്പ് മന്ത്രി<br>• ബഹു. വൈദ്യുതി വകുപ്പ് മന്ത്രി<br>• ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി<br>• ചീഫ് സെക്രട്ടറി<br>• അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ് |

| | | | |
|---|---|---|---|
| | | | • അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്<br>• അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്<br>• അഡീഷണൽ ചീഫ് സെക്രട്ടറി, ഭക്ഷ്യ പൊതുവിതരണ വകുപ്പ്<br>• പ്രിൻസിപ്പൽ സെക്രട്ടറി, മൃഗ സംരക്ഷണ-ക്ഷീര വികസന, മത്സ്യബന്ധന വകുപ്പ്<br>• പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്<br>• സെക്രട്ടറി, സഹകരണ വകുപ്പ്<br>• സെക്രട്ടറി, വൈദ്യുതി വകുപ്പ്<br>• എക്സിക്യൂട്ടീവ് ഡയറക്ടർ<br>• കോ-ഓർഡിനേറ്റർ<br><br>ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ കൂടാതെ സബ് വർക്കിംഗ് ഗ്രൂപ്പ് റിസോഴ്സ് പേഴ്സൺമാരെ നിയമിക്കുവാനുള്ള അനുമതിയും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ